പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2478 — 14/12/2015 ൽ മറുപടിക്ക്

## വികലാംഗരായ താൽക്കാലിക ജീവനക്കാർ

| ചോദ്യം<br>ശ്രീ.എ. കെ. ശശീന്ദ്രൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ എത്ര വികലാംഗർ താൽക്കാലിക ജീവനക്കാരായി ജോലിചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | ആരോഗ്യവകുപ്പിന്റെ കീഴിൽ 8 വികലാംഗ ജീവനക്കാർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നുണ്ട്.<br>ജനറൽ ആശുപത്രി, ആലപ്പുഴ-2<br>താലൂക്ക് ആശുപത്രി, ഹരിപ്പാട്-1<br>ജനറൽ ആശുപത്രി, മഞ്ചേരി-1<br>താലൂക്ക് ആശുപത്രി, നാദാപുരം-2<br>ജനറൽ ആശുപത്രി, വടകര-1<br>ജില്ലാ ആശുപത്രി, തിരൂർ -1 |
| (ബി) | തുടർച്ചയായി പത്ത് വർഷത്തിൽ കൂടുതൽ ഇപ്രകാരം ജോലി ചെയ്യുന്ന എത്ര വികലാംഗ ജീവനക്കാരുണ്ട് ; | (ബി) | പത്ത് വർഷത്തിലേറെ തുടർച്ചയായി ജോലി ചെയ്തു വരുന്ന ആരുംതന്നെയില്ല. (179 ദിവസം കൂടുമ്പോൾ നിയമാനുസൃതമായി ജോലിയിൽ പര്യവസാനം നൽകിക്കൊണ്ടിരിക്കുന്നു). |
| (സി) | ഇവരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു; | (സി) | ലഭിച്ചിട്ടുണ്ട്. നാദാപുരം താലൂക്കാശുപത്രിയിലെ പമ്പ് ഓപ്പറേറ്റർ കുറ്റിയിൽ ചന്ദ്രന്റെ അപേക്ഷയിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ. അനീസ് കെ.എസ്. നൽകിയ അപേക്ഷയിൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിഭാഗത്തെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ? | (ഡി) | വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം അർഹതയുള്ളവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ